(സി) പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിപ്പിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലയിൽ വ്യവസായ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

(ബി, സി) തുടർച്ചയായി ധനസഹായം നൽകിയിട്ടും കൂടുതൽ നഷ്ടം ഉണ്ടാക്കി പൊതുഖജനാവിന് ഇനിയും കൂടുതൽ നഷ്ടം ഉണ്ടാകാതിരിക്കാനായി ജീവനക്കാരെ സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻ (SSNP) കീഴിൽ കൊണ്ടു വന്നതിനുശേഷം പുനരുദ്ധരിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. †

ബി. ഐ. എഫ്. ആർ. നടപടികൾക്കായി റഫർ ചെയ്യുക, കടബാദ്ധ്യത ഒഴിവാക്കുവാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുക തുടങ്ങി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

20 [1159] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെങ്കിലും നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇവ അടച്ചുപൂട്ടൽ ഒഴിവാക്കി ലാഭകരമാക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ആവിഷ്കരിക്കുമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്ത് സ്ഥിരമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പഠനം നടത്തി പുനരുദ്ധാരണ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് വിലയിരുത്തി ഗവൺമെന്റ് യുക്തമായ നടപടി കൈക്കൊള്ളുന്നതാണ്.

ലേ ഓഫ് ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

21 [1160] ശ്രീ. ഷിബു ബേബിജോൺ:
„ ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly